**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5858** **25-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വ്യവസായ സൗഹൃദ ആവാസ വ്യവസ്ഥയായി ഉയർത്തിക്കൊണ്ടുവരാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ രൂപീകരിച്ച വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഏഴ് പ്രധാന രംഗങ്ങളിൽ പരിഷ്കരണ നടപടികൾ സ്വീകരിക്കുന്നതിനും അതിലൂടെ സംസ്ഥാനത്തെ വ്യവസായ സൗഹൃദ ആവാസ വ്യവസ്ഥയായി ഉയർത്തിക്കൊണ്ടു വരുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. ഈ സർക്കാർ രൂപീകരിച്ച വ്യവസായ നയപ്രകാരം ശ്രദ്ധ കേന്ദ്രീകരിക്കേണ്ട 7 പ്രധാന രംഗങ്ങളിൽ ഒന്നായ വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നിരവധി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അനുമതികൾ എളുപ്പത്തിലും, സുതാര്യമായും, സമയബന്ധിതമായും ലഭ്യമാക്കുന്നതിനും, സംരംഭങ്ങൾക്ക് അഭിവൃദ്ധി പ്രാപിക്കാൻ ഉതകുന്ന ആവാസവ്യവസ്ഥ നിയമ പരിഷ്കരണങ്ങളിലൂടെയും, മെച്ചപ്പെട്ട ഓൺലൈൻ സംവിധാനങ്ങളിലൂടെയും ഒരുക്കിയെടുക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.<br><br>ഇത്തരം പരിഷ്കരണ പ്രവർത്തനങ്ങളുടെ ഫലമായി, കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറേണൽ ട്രേഡ് (ഡിപിഐഐടി) പുറത്തിറക്കുന്ന സ്റ്റേറ്റ് ബിസിനസ് റീഫോംസ് ആക്ഷൻ പ്ലാനിന്റെ (SBRAP), 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്ന 2022-ലെ പതിപ്പിൽ, ഒമ്പത് മേഖലകളിൽ കേരളത്തിന് ടോപ്പ് അച്ചീവർ സ്ഥാനം നേടാൻ കഴിഞ്ഞു. നൂറ് ശതമാനവും സംരംഭകരിൽ നിന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച 2022-ലെ സൂചികയിൽ, രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്. സംസ്ഥാനത്തെ വ്യവസായ സൗഹൃദ ആവാസ വ്യവസ്ഥയായി ഉയർത്തിക്കൊണ്ടു വരുന്നതിന് സർക്കാരിന് |

സാധിച്ചുവെന്ന് ഈ നേട്ടത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

നിലവിൽ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2024 പതിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് രാജ്യമൊട്ടാകെ നടന്നുകൊണ്ടിരിക്കുന്നത്. 21 വകുപ്പുകളിൽ 49 ഏരിയകളിലായി 435 പരിഷ്കരണങ്ങൾ ഉണ്ടായിരുന്ന 2024-ലെ ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി തെളിവുകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായി നൽകിയിരിക്കുന്നത് ഏപ്രിൽ 30, 2025 ആണ്. എന്നാൽ ഇതിനകം തന്നെ സംസ്ഥാനം 435 പരിഷ്കരണങ്ങളുടെ തെളിവുകളും കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

സാങ്കേതികവിദ്യ അടിസ്ഥാനമായുള്ള നാലാം വ്യവസായ വിപ്ലവത്തിന്റെ (ഇൻഡസ്ട്രി 4.0) ഭാഗമായി നിക്ഷേപവും നൂതനത്വവും പ്രോത്സാഹിപ്പിക്കുന്നതും, സുസ്ഥിരവും പങ്കാളിത്ത സ്വഭാവമുള്ളതുമായ ഒരു വ്യവസായികാന്തരീക്ഷം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ പരിഷ്കരണ നടപടികൾ സ്വീകരിക്കുന്നതിനും വ്യവസായ നയം 2023 പ്രകാരം തെരഞ്ഞെടുത്ത 22 മുൻഗണനാ മേഖലകളിലെ വ്യവസായങ്ങളുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകികൊണ്ട് ഒരു ഇൻസെന്റീവ് മാർഗ്ഗരേഖ രൂപപ്പെടുത്തിയിട്ടുണ്ട്. വ്യവസായ നയം 2023 ന്റെ ഭാഗമായി സംരംഭങ്ങൾക്ക് ആനുകൂല്യം നൽകുന്നതിന് 18 ഇൻസെന്റീവ് സ്കീമുകൾ വിഭാവനം ചെയ്തിട്ടുണ്ട്. വ്യവസായ നയം 2023 ൽ ഉൾപെടുത്തിയിരിക്കുന്ന 22 മേഖലകളിലെ (priority sectors) സംരംഭങ്ങൾക്ക് ആണ് പ്രസ്തുത സബ്സിഡി പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നത്. നിക്ഷേപവും നവീന ആശയങ്ങൾ വളർത്തുന്നതിനും അനുകൂലമായ സുസ്ഥിരവ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ചുവടെ നൽകിയിരിക്കുന്ന ഏഴ് സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനമാണ് വ്യവസായ നയത്തിൽ പരാമർശിച്ചിരിക്കുന്നത്.

1.സംരംഭകത്വ പ്രോത്സാഹനം.

2.അടിസ്ഥാന സൗകര്യമൊരുക്കൽ.

3.ഹൈടെക് സാങ്കേതിക വിദ്യയിലേക്കുള്ള മാറ്റം.

4.നൈപുണ്യ വികസനം.

5.വ്യവസായ സൗഹൃദ അന്തരീക്ഷം.

6.കേരളം എന്ന ബ്രാൻഡിനെ വളർത്തുക.

7.മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായവത്കരണം.

ഈ രംഗങ്ങളിൽ പരിഷ്കൃത നടപടികൾ ആവിഷ്കരിച്ചുകൊണ്ട് കേരളത്തിന്റെ സംരംഭക സൗഹൃദ അന്തരീക്ഷം കൂടുതൽ ഊർജ്ജിത പ്പെടുത്തുന്നതിനും പ്രാദേശിക സംരംഭക ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിട്ടുണ്ട്. സംസ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസവ്യവസ്ഥ സംജാതമാക്കുക, ഉത്തരവാദിത്വ നിക്ഷേപങ്ങളേയും സുസ്ഥിര വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹി പ്പിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ നൂതന അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ പാരിസ്ഥിതിക, സാമൂഹിക, ഭരണ ഘടകങ്ങളിൽ ലോകോത്തര നിലവാരത്തിനനു സരിച്ച് വേണ്ട മാറ്റങ്ങൾ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുക, ഉൽപ്പന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' ലേബലിൽ വിപണനം ചെയ്യുന്നതിന് സൗകര്യമൊരുക്കുക, ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് ഇതിന്റെ ഭാഗമായി ലക്ഷ്യമിടുന്ന മറ്റു പ്രവർത്തനങ്ങൾ.

കേരള വ്യവസായനയം 2023 -ന്റെ തുടർച്ചയായി കേരള കയറ്റുമതി പ്രോത്സാഹനനയം 2025 30.01.2025-ലെ സ.ഉ.(കൈ)6/2025/വ്യവ. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. കേരള വ്യവസായ നയം 2023-ൽ ഇൻസെന്റീവുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ വ്യവസായ പാർക്കുകളിലും വിജ്ഞാപനം ചെയ്യപ്പെട്ട സ്വകാര്യവ്യവസായ പാർക്കുകളിലും നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് പാട്ടക്കരാർ/ഭൂമി /കെട്ടിടം വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവനുവദിച്ചിട്ടുണ്ട്.

പശ്ചാത്തല വികസനത്തിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നിർവഹണം നടത്തുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

**1.സ്വകാര്യവ്യവസായഎസ്റ്റേറ്റ് പദ്ധതി**

| | | | |
|---|---|---|---|
| | | | **2.ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്**<br><br>**3.ഗാല പദ്ധതി**<br><br>വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ഡെവലപ്പ്മെന്റ് ഏരിയ/ ഡെവലപ്പ്മെന്റ് പ്ലോട്ടിലെ ലാൻഡ് അലോട്ട്മെന്റ്. കൈമാറ്റം ചെയ്യൽ, പട്ടയം നൽകൽ എന്നിവ സുഗമമാക്കുന്നതിലേയ്ക്കായി 2023 -ൽ പുതിയ ലാന്റ് റൂൾ (GO(P)No 309/2023/RD തീയതി 11/12/2023) നിലവിൽ വന്നു. |
| (ബി) | വ്യവസായ നയം പ്രകാരം മുൻഗണന നിശ്ചയിച്ച എല്ലാ മേഖലകളിലും പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപങ്ങൾ സമാഹരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മുൻഗണനാ മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിനും പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സെക്ടർ അധിഷ്ടിതമായ കോൺക്ലേവുകൾ KSIDC യുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്.<br>സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ- നൈപുണ്യം വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ ഏഴ് പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിച്ചും നവീന ആശയങ്ങൾ വളർത്തിയും സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങളാണ് വ്യവസായ നയം 2023 മുന്നോട്ടുവയ്ക്കുന്നത്. വ്യവസായങ്ങളുടെ വികസനം സാധ്യമാകുന്നതിന് സാമ്പത്തിക പ്രോത്സാഹനങ്ങളും പിന്തുണയും വ്യാവസായിക നയപ്രകാരമുള്ള സബ്സിഡികൾ വഴി സർക്കാർ നൽകിവരുന്നുണ്ട്. സംസ്ഥാനത്തിന്റെ വികസന പദ്ധതികളുടെ നേട്ടങ്ങൾ എല്ലാവിഭാഗം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും അർഹരായ എല്ലാവർക്കും ഈ പദ്ധതികളുടെ ഗുണഫലങ്ങൾ ലഭ്യമാക്കുവാനും പുതിയ വ്യവസായ നയത്തിന് കഴിയും. പുതിയ വ്യാവസായിക നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും തിരഞ്ഞെടുക്കപ്പെട്ട 22 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനുമാണ്. മുൻഗണന നിശ്ചയിച്ച |

എല്ലാ മേഖലകളിലും പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപങ്ങൾ സമാഹരിക്കുവാനും നിരവധി ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

കൂടാതെ കേരളത്തിലെ എല്ലാ മേഖലകളിലെയും നിക്ഷേപ സാധ്യതകളെ ദേശീയ-അന്താരാഷ്ട്ര നിക്ഷേപകർക്ക് പരിചയപ്പെടുത്തുന്നതിനായി 2025 ഫെബ്രുവരി 21 - 22 തീയതികളിലായി സർക്കാർ സംഘടിപ്പിച്ച ഉച്ചകോടിയാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025. കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും നിക്ഷേപ സമാഹരണത്തിനും വ്യവസായ വളർച്ചക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികകല്ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്, സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ നയങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ, വ്യവസായ - നൈപുണ്യം, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങൾ, അതിന്റെ സാധ്യതകൾ എന്നിവയെക്കുറിച്ച് സമഗ്രമായ അവബോധം നൽകുന്നതിനുള്ള ഒരു പ്ലാറ്റ്ഫോമായാണ് ഈ ഉച്ചകോടി രൂപകൽപ്പന ചെയ്തത്. പ്രസ്തുത ഉച്ചകോടിയിൽ 419ൽ പരം താല്പര്യ പത്രങ്ങളിലൂടെ 1,65,928 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. ഈ നിക്ഷേപതാൽപര്യങ്ങളെ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ ഉച്ചകോടിയുടെ ഭാഗമായി നിരവധി മേഖലകളിൽ സെക്ടറൽ കോൺക്ലേവുകൾ/മീറ്റിങ്ങുകൾ സർക്കാർ സംഘടിപ്പിച്ചിരുന്നു. ഫുഡ് പ്രോസസ്സിംഗ്, മാരിടൈം & ലോജിസ്റ്റിക്സ്, ബയോടെക്നോളോജി, ആയുർവേദ, ഫർമസ്യൂട്ടിക്കൽ, റബ്ബർ, ഹൈ-ടെക് ഫാർമിംഗ്, ടൂറിസം & ഹോസ്പിറ്റാലിറ്റി, റീറ്റെയ്ൽ, സ്റ്റാർട്ട് അപ്പ്, ഐ.ടി.,മലബാർ കോൺക്ലേവ് മുതലായ കോൺക്ലേവുകളും സംഘടിപ്പിച്ചു. വിവിധ വ്യവസായ മേഖലകളിൽ നിക്ഷേപ സാധ്യതകൾ ആഴത്തിൽ ചർച്ച ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട നയങ്ങൾ രൂപീകരിക്കുന്നതിനും ഈ മീറ്റിംഗുകൾ ഉപകാരപ്പെട്ടു. ഇതിനുപുറമെ ചെന്നൈ, മുംബൈ, ഡൽഹി, ബാംഗ്ലൂർ, ദുബായ് എന്നിവിടങ്ങളിൽ റോഡ് ഷോകളും സംഘടിപ്പിച്ചു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 ന്റെ മുന്നോടിയായി സർക്കാർ മറ്റ് സംസ്ഥാനങ്ങളിൽ റോഡ്ഷോകൾ സംഘടിപ്പിച്ചിരുന്നു. സർക്കാർ സംഘടിപ്പിച്ച റോഡ് ഷോകളും, മീറ്റിംഗുകളുമെല്ലാം

| | | | |
|---|---|---|---|
| | | | വിജയകരമായിരുന്നു. റോഡ് ഷോയുടെ ഭാഗമായി നിരവധി വ്യവസായികളുമായി യോഗങ്ങൾ നടത്തി, അതുവഴി സംസ്ഥാനത്തേയ്ക്ക് ചില നിക്ഷേപ പദ്ധതികൾ ലഭിക്കുകയും ചെയ്തു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025-ന്റെ ഭാഗമായി നടത്തിയ ഈ റോഡ് ഷോകളിൽ നിന്നും ലഭിച്ച ആശയങ്ങളുടെ അവലോകനം നടത്തിവരുന്നുണ്ട് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ റോഡ് ഷോകൾ പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (സി) | മെഡിക്കൽ ഉപകരണ വ്യവസായ രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) | മെഡിക്കൽ ഉപകരണ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് വേണ്ട ഗവേഷണ -വികസന പിന്തുണ നൽകുന്നതിനുമായി, പരിശോധന, മൂല്യ നിർണ്ണയം തുടങ്ങി എല്ലാ അനുബന്ധ സേവനങ്ങളും നൽകുന്നതിനായി ബയോ 360 ലൈഫ് സയൻസ് പാർക്കിൽ 9 ഏക്കർ സ്ഥലത്തു ഒരു പുതിയ മെഡിക്കൽ ഉപകരണ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ മെഡിക്കൽ ഉപകരണ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന 6 സ്ഥാപനങ്ങളും മറ്റ് അനുബന്ധ സ്ഥാപനങ്ങളും ഉൾപ്പെടെ 8 സ്ഥാപനങ്ങൾ നിലവിൽ ബയോ 360 ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തനമാരംഭിച്ചു വരുന്നു. മെഡിക്കൽ ഉപകരണ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന കൂടുതൽ സ്ഥാപനങ്ങൾ പാർക്കിൽ പ്രവർത്തനം ആരംഭിക്കുന്നതോടു കൂടി ഈ മേഖലയിൽ തുടർന്നും പുരോഗതി കൈവരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ